# പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 2434
## 13.02.2013–ലെ മറുപടിക്ക്

## ട്രഷറികളുടെ നവീകരണ പ്രവർത്തികൾ

<table>
<tr><th colspan="2">ചോദ്യം</th><th>ഉത്തരം</th></tr>
<tr><td colspan="2">ശ്രീമതി.പി.അയിഷാ പോറ്റി</td><td>ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി</td></tr>
<tr><td>എ)</td><td>ട്രഷറികളുടെ നവീകരണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;</td><td>ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽപ്പെടുത്തി 17.01.2011 തീയതിയിലെ സ.ഉ (സാധാ) നം: 376/2011/ധന ഉത്തരവു പ്രകാരം 50 ട്രഷറി കെട്ടിടങ്ങളുടെ നവീകരണ പ്രവർത്തനങ്ങൾ ഇൻഫ്രാസ്ട്രക്ച്ചർ കേരള ലിമിറ്റഡ് (ഇൻകെൽ) എന്ന സ്ഥാപനത്തെ ഏൽപ്പിച്ചു കൊണ്ട് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 32 ട്രഷറികളുടെ നവീകരണം പുരോഗമിച്ചു വരുന്നു.</td></tr>
<tr><td>ബി)</td><td>കൊട്ടാരക്കര ജില്ലാ ട്രഷറിയിൽ നിരന്തരമായി ഉണ്ടാകുന്ന വൈദ്യുതി തടസ്സം മൂലം ഗുണഭോക്താക്കൾ നേരിടുന്ന കഷ്ടതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td><td rowspan="2">കൊട്ടാരക്കര ജില്ലാ ട്രഷറിയിൽ സ്ഥാപിച്ചിട്ടുള്ള ജനറേറ്റർ സെറ്റ്, ശബ്ദ മലിനീകരണം നിമിത്തം പ്രവർത്തിപ്പിക്കാത്തതിനാൽ അതു മാറ്റി ശബ്ദരഹിത ജനറേറ്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ട്രഷറി ഡയറക്ടർ സ്വീകരിച്ചു വരുന്നുണ്ട്.</td></tr>
<tr><td>സി)</td><td>കൊട്ടാരക്കര ജില്ലാ ട്രഷറിയുടെ സുഗമമായ പ്രവർത്തനത്തിന് ട്രഷറിയിൽ ജനറേറ്റർ സൗകര്യം സജ്ജമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?</td></tr>
</table>

സെക്ഷൻ ഓഫീസർ